# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 620
# 09.07.2014-ലെ മറുപടിക്ക്

## സർക്കാർ പണമിടപാടുകൾക്ക് ആധുനിക സംവിധാനങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. എൻ.എ. ഖാദർ<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ.കെ.എം. ഷാജി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്ത് വിവിധ വകുപ്പുകൾ തമ്മിലും, പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള ധനപരമായ ഇടപാടുകൾ ഇപ്പോഴും, ക്യാഷ്, ഡി.ഡി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) മോട്ടോർ വാഹന വകുപ്പ്, നികുതി വകുപ്പ്, എക്സൈസ് വകുപ്പ്, ലോട്ടറി വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ e-remittance വഴി സർക്കാരിലേയ്ക്കുള്ള പണം ഓൺലൈനായി സ്വീകരിക്കുന്ന രീതി നിലവിലുണ്ട്. വെള്ളക്കരം, വൈദ്യുതി ബിൽ എന്നിവയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. വിവിധ വകുപ്പുകളുടെ മരാമത്തുപണികളുമായി ബന്ധപ്പെട്ടുള്ള ടെണ്ടർ നടപടികൾ ഇപ്പോൾ ഇ-ടെണ്ടർ വഴി ഓൺലൈനായാണ് നിർവ്വഹിക്കപ്പെടുന്നത്. കൂടാതെ 2 ലക്ഷം രൂപയിൽ കൂടുതലുള്ള കരാറുകാരുടെ തുക RTGS വഴി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. സംസ്ഥാന ജീവനക്കാരുടെ ശമ്പളം ബാങ്ക് അക്കൗണ്ട് വഴി സ്വീകരിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും മറ്റ് പല സർക്കാർ വകുപ്പുകളിലും ധനപരമായ ഇടപാടുകളിൽ ഇപ്പോഴും ക്യാഷ്, ഡി.ഡി. സംവിധാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. |
| (ബി) | കമ്പ്യൂട്ടർവൽക്കരണം സമ്പൂർണ്ണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ പണമിടപാടുകൾക്ക് മെയിൽ ട്രാൻസ്ഫർ പോലുള്ള ആധുനികരീതികൾ | നിലവിൽ ട്രഷറി സേവിംഗ്സ് ബാങ്കിൽ മെയിൽ ട്രാൻസ്ഫർ സൗകര്യം ലഭ്യമാണ്. സേവിംഗ്സ് ബാങ്ക് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രഷറികളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കാൻ |

| | | |
|---|---|---|
| | ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ? | തീരുമാനിച്ചിട്ടുണ്ട്. കോർബാങ്കിംഗ് നടപ്പിലാക്കുന്നതോടുകൂടി ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാർക്ക് കേരളത്തിലെ ഏതു ട്രഷറിയിൽ നിന്നും ഇടപാട് നടത്തുവാൻ സാധിക്കും. നെറ്റ്ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചുകൊണ്ട് സംസ്ഥാന ഖജനാവിലേയ്ക്ക് ലോകത്തെവിടെനിന്നും ഏതുസമയത്തും പണം ഒടുക്കാൻ കഴിയുന്ന ഇ-ട്രഷറി പദ്ധതിയും താമസിയാതെ നിലവിൽ വരുന്നതാണ്. എല്ലാ വകുപ്പുകളിലെയും സാമ്പത്തിക ഇടപാടുകൾ സംയോജിപ്പിച്ച് സമ്പൂർണ്ണവും ബൃഹത്തായതുമായ ഏകോപനത്തിലൂടെ എല്ലാ വകുപ്പുകളുടേയും ധനപരമായ ഇടപാടുകൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള ITMS പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

അക്കൗണ്ട്സ് ഓഫീസർ.